Draft #3 of File VIII/03/1875/2018 Approved by ASSISTANT REGISTRAR II (ACADEMIC) on 27-Aug-2019 01:09 PM - Page 1

15 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

വ്യാജ ബിഎഡ് നൽകുന്ന എന്ന പരാതിയിൽ അന്വേഷണം നടത്തി സമർപ്പിക്കപ്പെട്ട അന്വേഷണ റിപ്പോർട്ട് സിൻഡിക്കേറ്റ് അംഗീകരിച്ചതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 4110/AC A 8/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 27.08.2019

---

പരാമർശം:-1, 12/04/18-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് നമ്പർ ബി4/187/2018/ഉ.വി.വ
2, 30/06/18-ലെ സിൻഡിക്കേറ്റ് യോഗം മിനുട്സ് ഇനം നമ്പർ 44/18.05/186073
3, 15/07/18-ലെ സർവ്വകലാശാലാ ഉത്തരവ് നമ്പർ 5599/എസിഎVIII/03/2108
4, 17/08/19-ലെ സിൻഡിക്കേറ്റ് യോഗം മിനുട്സ് ഇനം നമ്പർ 16/19.07/DDFS1875/2018

## ഉത്തരവ്

ഡിഎൽഇഡി വിദ്യാർത്ഥി യൂണിയൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പരാമർശം (1) പ്രകാരം സർവ്വകലാശാലയ്ക്ക് അയച്ച് തരുകയും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിൽ പല ബിഎഡ് കോളേജുകളിലും വിദ്യാർത്ഥികളിൽ നിന്നും പണം വാങ്ങി പരീക്ഷ മാത്രം എഴുതി വിജയിപ്പിച്ച് വിടുന്ന പ്രവർത്തനം വർഷങ്ങളായി നടത്തി വരുന്നതായി പരാതിയിൽ പറഞ്ഞിരുന്നു. ബിഎഡ് കോഴ്സ് റഗുലറായി പഠിച്ച് നേടേണ്ടതാണെന്ന വ്യവസ്ഥ ഇപ്രകാരം പല കോളേജുകളും കാറ്റിൽ പറത്തുന്നതായും വിദ്യാർത്ഥി യൂണിയൻ പരാതിയിൽ ഉന്നയിച്ചിരുന്നു.

പരാതി പരാമർശം (2) പ്രകാരം സിൻഡിക്കേറ്റ് പരിഗണിക്കുകയും വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം ഡോ.ആർ.പ്രഗാഷിനെ ചുമതലപ്പെടുത്തുകയും തദനുസരണം പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

03/06/2019-ൽ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം വ്യാജ ബിഎഡ് നൽകുന്നു എന്ന് ആരോപിച്ച് ഡിഎൽഇഡി വിദ്യാർത്ഥി യൂണിയൻ സമർപ്പിച്ച പരാതി അന്വേഷണകമ്മീഷൻ വിശദമായി പരിശോധിച്ചപ്പോൾ പരാതിയിൽ കഴമ്പില്ല എന്ന് ബോദ്ധ്യപ്പെട്ടതിനാൽ പരാതി തള്ളിക്കളയാൻ ശുപാർശ ചെയ്തു.

10/06/2019-ലെ വൈസ്ചാൻസിലറുടെ ഉത്തരവ് പ്രകാരം പ്രസ്തുത അന്വേഷണ റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു .

പരാമർശം (4) പ്രകാരം വിഷയം പരിഗണിച്ച സിൻഡിക്കേറ്റ് അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിനും തദനുസരണം ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് റിപ്പോർട്ട് നൽകുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1, ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (ആമുഖ കത്ത് സഹിതം)
2, വിസി / പിവിസി എന്നിവരുടെ പിഎസ്
3, രജിസ്ട്രാറുടെ പിഎ
4, ജെആർ/ ഡിആർ/എആർ (അക്കാദമിക്)
5, എസിസി/ ഐക്യൂഎസി/സിഎംഎസ്
6, സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം